

# കേരളത്തിലെ ഏറ്റവും ഉത്പാദനക്ഷമത കുറഞ്ഞ പദ്ധതി

ചാലക്കുടി റിവർ പ്രൊട്ടക്ഷൻ ഫോറം/റിവർ റിസർച്ച് സെന്റർ



വര : വി.എസ്. ഗിരീശൻ

163 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള അതിരപ്പിള്ളി പദ്ധതിയിൽനിന്നും 23.3 കോടി യൂണിറ്റ് (27 മെഗാവാട്ട്) വൈദ്യുതി പ്രതിവർഷം ഉത്പാദിപ്പിക്കാമെന്ന് വൈദ്യുതി ബോർഡ് പറയുന്നു. മൊത്തം സ്ഥാപിതശേഷിയുടെ വെറും 16 ശതമാനം ഉത്പാദനം മാത്രമാണ് ഇവിടെനിന്നു സാധ്യമാകൂ എന്ന് വൈദ്യുത ബോർഡിൽ ഈ കണക്കിൽ നിന്നുതന്നെ വ്യക്തമാണ്. അതുകൊണ്ട് തന്നെ കേരളത്തിലെ ഏറ്റവും കാര്യക്ഷമത കുറഞ്ഞ വൈദ്യുത നിലയമാകും അതിരപ്പിള്ളി.

കേരളത്തിലെ വൈദ്യുതിരംഗത്തെ ഇന്നത്തെ പ്രതിസന്ധി വൈദ്യുതി കമ്മിയല്ല. മറിച്ച് 5000 കോടി രൂപയോളം കടബാദ്ധ്യതയുള്ള ബോർഡിന് വൈദ്യുതി വാങ്ങാനുള്ള പണമില്ല എന്നുള്ളതാണ്. ഇന്ന് കേരളത്തിൽ പ്രതിവർഷം 1700 കോടി യൂണിറ്റ് വൈദ്യുതി ലഭിക്കാനുള്ള സാഹചര്യം നിലവിലുണ്ട്. എന്നാൽ കേരളത്തിന്റെ ഇപ്പോഴത്തെ ഉപഭോഗം 1270 (2004-2005) കോടി യൂണിറ്റ് മാത്രമാണ്. ഇതിൽതന്നെ 336 കോടി യൂണിറ്റ് പ്രസരണ വിതരണ നഷ്ടം മൂലം പാഴായി പോകുന്നു. ഈ സാഹചര്യത്തിൽ വെറും 23 കോടി യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാമെന്നു പറയുന്ന അതിരപ്പിള്ളി പദ്ധതിയ്ക്ക് എന്താണ് പ്രസക്തി?

അഞ്ചുവർഷം മുമ്പ് 415 കോടി രൂപയാണ് പദ്ധതി പണി പൂർത്തിയാക്കാൻ വേണ്ടിവരിക. എന്ന് കെഎസ്ഇബി കണക്കാക്കിയിരുന്നു. പുതിയ എസ്റ്റിമേറ്റ് എത്രയാണെന്ന് അധികൃതർ ഇനിയും വെളിപ്പെടുത്തിയിട്ടില്ല. ഇത് പഴയ നിരക്കിലും ചുരുങ്ങിയത് 25 ശതമാനമെങ്കിലും അധികമായിരിക്കുമെന്നുറപ്പാണ്. നമ്മുടെ പദ്ധതികളെല്ലാം തന്നെ എസ്റ്റിമേറ്റ് തുകയുടെ എത്രയോ മടങ്ങ് അധികമായി ചെലവഴിച്ചിട്ടുണ്ട് എന്ന വസ്തുത കൂടി കണക്കിലെടുത്താൽ യഥാർത്ഥ ചിലവ് വളരെ അധികമായിരിക്കും. 600 കോടി രൂപയ്ക്ക് പദ്ധതിയുടെ പണി പൂർത്തിയാകുമെന്ന് കണക്കാക്കിയാൽ തന്നെ യൂണിറ്റിന് 5.25 രൂപയ്ക്ക് വൈദ്യുതി വിറ്റാൽ മാത്രമെ 25 വർഷം കൊണ്ടെങ്കിലും പദ്ധതിയിൽനിന്നും കിട്ടുന്ന വരുമാനം ഉപയോഗിച്ച് കടം വീട്ടാൻ കഴിയൂ. നിലവിൽ ഒരു യൂണിറ്റ് വൈദ്യുതി വിൽക്കുമ്പോൾ 3.33 രൂപയാണ് ബോർഡിന് ലഭിക്കുന്നത്. അതുകൊണ്ടുതന്നെ കൂടുതൽ കടബാധ്യതയും വൻ സാമ്പത്തിക നഷ്ടവും വൈദ്യുതിയുടെ വിലവർദ്ധനയുമായിരിക്കും പദ്ധതി നടപ്പിലാക്കുന്നതിന്റെ അനന്തരഫലം.


പാപ്പിനിവട്ടം സർവ്വീസ് സഹകരണബാങ്ക്
ലിമിറ്റഡ് നമ്പർ ആർ. 309
ഹെഡ് ഓഫീസ് : മതിലകം
ഫോൺ : 0480-2843351, ഫാക്സ് : 0480-2843451
ബ്രാഞ്ച് : കൂളിമുട്ടം, ഫോൺ : 3297351, 2844856, 3252451.
1991 മുതൽ തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്ന
ക്ലാസ്സ് 1 സ്പെഷ്യൽ ഗ്രേഡ് ബാങ്ക്
ഹംസ വൈപ്പിപാടത്ത് (പ്രസിഡണ്ട്)
ആർ.എ. മുരുകേശൻ (സെക്രട്ടറി)

books | magazines | periodicals
ByWORD BOOKS
marva plaza, machingal lane, m.g. road, thrissur
Tel. : 0487 3256689, Mob : 9847764577
for rare and new books